# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 7362.                                        17..7..2012-ൽ മറുപടിക്ക്

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, എം.എസ്.ഡി.പി. ആർ.കെ.വി.വൈ., ക്ഷീരസംഘങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ, ഗ്രാമീണ വിജ്ഞാനവ്യാപന പദ്ധതികൾ, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. ഇതിനു പുറമെ, ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും മിൽമ വഴി കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ആവശ്യമായ പാൽ ഇവിടെതന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; എങ്കിൽ ഇപ്പോൾ പാലുല്പാദനത്തിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കുമോ; | (ബി) ഇല്ല. കേരളത്തിനാവശ്യമായ പാലിന്റെ 90% സംസ്ഥാനത്തിനകത്തു തന്നെ ഉല്പാദിപ്പിക്കുന്നുണ്ട്. ഇപ്പോൾ സംഘങ്ങൾ വഴി ശേഖരിക്കുന്ന പാലിൽ 30% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) പന്ത്രണ്ടാം പദ്ധതി ലക്ഷ്യമിടുന്ന ഭക്ഷ്യവസ്തുക്കൾക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതിക്ക് മാറ്റം വരുത്തണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ ക്ഷീര വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) പാലുല്പാദന ചെലവ് കുറയ്ക്കുവാൻ ക്ഷീരകർഷകരെ സഹായിക്കുക, ഗുണനിലവാരം വർദ്ധിപ്പിച്ച് മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ ക്ഷീരകർഷകർക്ക് ആവശ്യമായ വിജ്ഞാനം ലഭ്യമാക്കുക, ക്ഷീരസംഘങ്ങളെ ശക്തിപ്പെടുത്തുക, സ്വയംതൊഴിൽ കണ്ടെത്തുന്ന യുവജനങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കുക, പാലിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നതിനായി വിവിധ ധനസഹായ പദ്ധതികളും, തീറ്റപ്പുൽ കൃഷി വികസനം, |

✓

എം.എസ്.ഡി.പി., കാലിത്തീറ്റ സബ്സിഡി എന്നിവയും നടപ്പിലാക്കി വരുന്നു.

(ഡി) ചില സ്വകാര്യ ഡയറിഫാമുകൾ പാലിൽ കൊഴുപ്പ് കൃത്രിമമായി കൂട്ടാൻ മാൾട്ടോ ഡെക്സ്ററിൻ പോലുള്ള രാസവസ്തുക്കൾ വ്യാപകമായി ചേർക്കുന്നതായും, കഞ്ഞിപ്പശ ചേർത്തും അരി അരച്ച് ചേർത്തും പാലിന്റെ കൊഴുപ്പ് കൃത്രിമമായി കൂട്ടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്വകാര്യ ഡയറിഫാമുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മിഷണറിൽ നിക്ഷിപ്തമാണ്.

(ഇ) ജില്ലാ ക്ഷീരവികസന ഓഫീസർമാർക്ക് ഇത്തരത്തിൽ മായം ചേർക്കുന്ന സ്വകാര്യ ഡയറി ഫാമുകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം നടപടി എടുക്കുവാൻ അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള മായം ചേർക്കൽ ഒരു പരിധിവരെ അവസാനിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇല്ല. 2011 ആഗസ്റ്റ് 5 വരെ എം.എം.പി.ഒ.-92 പ്രകാരം ഗുണനിലവാരം കുറഞ്ഞതോ, മായം കലർന്നതോ ആയ പാലും പാലുല്പന്നങ്ങളും വിതരണം നടത്തുന്നവർക്കെതിരെ ക്ഷീര വികസന വകുപ്പ് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ 2011 ആഗസ്റ്റ് 5 മുതൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്റ്റ് നിലവിൽ വരുകയും, പാലും പാലുല്പന്നങ്ങളും ടി ആക്റ്റിന്റെ പരിധിയിൽ വരുകയും, ഇതു സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മിഷണറിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരോല്പാദകരെ കൂടി ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിലേയ്ക്കായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദ മാക്കുമോ?

(എഫ്) ക്ഷീരകാർഷികവൃത്തിയിലെ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുവാനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരുന്നെങ്കിലും പുതുതായി അംഗീകരിച്ച മാറ്റങ്ങൾ വഴി ക്ഷീരവികസനവുമായി ബന്ധപ്പെട്ട് കന്നുകാലി തൊഴുത്തിനുള്ള തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി തീറ്റയായ അസോള കൃഷി എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.